# ഹരിത മൈത്രി രൂപീകരണ യോഗം

## 2000 ഒക്ടോബർ 15 ഞായറാഴ്ച രാവിലെ 10 മണി മുതൽ അങ്കമാലി ആനന്ദഭവൻ മിനി ഓഡിറ്റോറിയത്തിൽ വച്ച്

സുഹൃത്തേ,

പരിസ്ഥിതിജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപരരായ കുറച്ചു പേരുടെ ഒരു യോഗം സെപ്റ്റംബർ മാസം 17-ാം തീയതി അങ്കമാലിയിൽ വച്ച് ചേരുകയുണ്ടായി. പരിസ്ഥിതി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഇന്ന് കണ്ടുവരുന്ന അനഭിലഷണീയമായ പല പ്രവണതകളും ഒഴിവാക്കാനാവുന്ന തരത്തിൽ വ്യത്യസ്തവും സുതാര്യവുമായ ഒരു മാതൃക സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'ഹരിത മൈത്രി' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് യോഗം തീരുമാനിച്ചു. ഒക്ടോബർ മാസം 15-ാം തീയതി അങ്കമാലിയിൽ വച്ചുചേരുന്ന വിപുലമായ യോഗത്തിൽ വച്ച് സംഘടനയുടെ ഔപചാരികമായ രൂപീകരണം നടക്കും. താഴെപ്പറയുന്ന അടിസ്ഥാനാശയങ്ങളാണ് സംഘടനയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്.

1. ധനികദരിദ്ര രാഷ്ട്രങ്ങൾക്കിടയിലും ഓരോ രാഷ്ട്രത്തിലെയും ജനങ്ങൾക്കിടയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ സാമ്പത്തികാസമത്വത്തിനെതിരെയുള്ള സമരങ്ങളിൽ പങ്കാളികളാകുക.
2. ബദൽ ജീവിത മാതൃകകളും ഉൽപാദന വിതരണവിനിമയ സങ്കേതങ്ങളും പ്രചരിപ്പിച്ചുകൊണ്ട് ആഗോളവൽക്കരണത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളെ ചെറുക്കുക.
3. പാരിസ്ഥിതികവും സാമൂഹികവുമായ വിവേചനങ്ങൾക്കിരയായ് ദുരിതമനുഭവിക്കുന്ന മനുഷ്യരെ സഹായിക്കുന്നതിനുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുക.
4. ആശയപരമായ സംവാദത്തിലൂടെയും പൊതുതാൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള കൂട്ടപ്രവർത്തനങ്ങളിലൂടെയും അധഃസ്ഥിത ജനവിഭാഗങ്ങളുടെ സാമൂഹികാവകാശങ്ങൾ ശക്തിപ്പെടുത്തുന്നതിന് ശ്രമിക്കുക.
5. വ്യക്തിജീവിതത്തിലെയും സാമൂഹിക ജീവിതത്തിലെയും ആഡംബര മാതൃകകൾ തിരസ്കരിക്കുക. ഊർജ്ജ ദുർവിനിയോഗം ഒഴിവാക്കുന്ന പരിസ്ഥിതിജീവിത ദർശനം പ്രചരിപ്പിക്കുക.
6. അധികാര കേന്ദ്രീകരണമില്ലാത്ത സുതാര്യവും ജനാധിപത്യപരവുമായ പ്രവർത്തന ശൈലി സ്വീകരിക്കുക. വിഭിന്ന ആശയങ്ങൾക്ക് പ്രകാശന സ്വാതന്ത്ര്യം അനുവദിക്കുക. സംഘടനയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് ആരെയും പുറത്താക്കാതിരിക്കുക.
7. സംഘടനയുടെ പേരിൽ സ്ഥിരമായ ആസ്തികൾ സ്വരൂപിക്കാതിരിക്കുക. പകരം വ്യവസ്ഥാപിത മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായ് പൊതു ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ രൂപീകരിക്കുക.
8. സംഘടനയുടെ വരവ്ചിലവ് വിശദാംശങ്ങൾ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുക.
9. നീതിയുക്തമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് മാനവികാദർശങ്ങളിൽ വിശ്വസിക്കുന്ന എല്ലാ പ്രസ്ഥാനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുക.

മുകളിൽപ്പറഞ്ഞ അടിസ്ഥാനാശയങ്ങളോട് യോജിക്കുന്നുവെങ്കിൽ താങ്കൾ തീർച്ചയായും ഈ യോഗത്തിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും പങ്കാളിയാകണമെന്നഭ്യർത്ഥിക്കുന്നു.

ബിജു. പി. നടുമുറ്റം
ഫോൺ: 0484468408
450155, 468185

## വിദൂരക്കൂട്ടായ്മ

എന്താണിതുകൊണ്ടുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാം. ഭൂമിയിൽ മനുഷ്യത്വത്തിലൂന്നിയുള്ള ഒരു നല്ല ജീവിതം നിലവിൽ വരണം എന്നാഗ്രഹിക്കുന്നവരുടെ കൈകോർക്കലാണീ സംഭവം. അവർ തമ്മിൽ ഒരിക്കലും കണ്ടെന്നുവരില്ല. എഴുത്തുകുത്തുകൾ ഉണ്ടായില്ലെന്നും വരും. എന്നാൽ അങ്ങിനെ ചിന്തിക്കുന്ന കുറേപ്പേർ ഭൂമിയുടെ നാനാഭാഗങ്ങളിലും ഉണ്ടെന്നറിയും. ആവശ്യംവന്നാൽ പരസ്പരം ബന്ധപ്പെടാം. ഇങ്ങനെ ഉള്ള എത്രയോ പേർ ഉണ്ടാവും. അവരെല്ലാം നമ്മുടെ ലിസ്റ്റിൽ വന്നെന്നുവരില്ല. എത്രയോ ചുരുക്കംപേരുമായേ നമുക്ക് ബന്ധം സ്ഥാപിക്കുവാൻ കഴിയൂ. അത്രയുമാകട്ടെ. സന്നദ്ധരാകുന്നവർ സന്നദ്ധത വ്യക്തമാക്കിക്കൊണ്ട് വിലാസങ്ങൾ എഴുതി അയക്കണം. വീട്ടുമേൽവിലാസവും ഔദ്യോഗികവിലാസവും ഫോൺനമ്പരും ഇ-മെയിൽ തുടങ്ങി മറ്റു വിനിമയ നമ്പരുകളും എഴുതണം. ഇവിടെ അതൊരു രജിസ്റ്ററാക്കാം. ദർശനത്തിൽ പ്രസിദ്ധീകരിക്കാം. പല ലക്കങ്ങളായിട്ടായിരിക്കും വന്നുകൊണ്ടിരിക്കുക. ഓരോരുത്തരും വിദൂരക്കൂട്ടായ്മക്ക് ഒരു രജിസ്റ്റർ വയ്ക്കണം. ദർശനത്തിൽ വിവരങ്ങൾ വരുമ്പോൾ അത് ആ രജിസ്റ്ററിൽ പകർത്തിവെച്ച് പഠിക്കണം. മാനുഷികധ്യാനത്തിൽ അവരെയും ഉൾപ്പെടുത്തണം. ഇത്തരത്തിൽ ഒരു തുടക്കമുണ്ടാവട്ടെ. സാവധാനം സാദ്ധ്യതകൾ വികസിച്ചുകൊള്ളും.

ഡി. പങ്കജാക്ഷക്കുറുപ്പ്
ദർശനം മാസിക
കഞ്ഞിപ്പാടം പി.ഒ.
ആലപ്പുഴ -- 688005